**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. കമ്പനികളുടെ വർക്ക് ഷെഡ്യൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഏണസ്റ്റ് & യങ്ങ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന അന്ന സെബാസ്റ്റ്യൻ എന്ന ഉദ്യോഗാർത്ഥി ജോലി സംബന്ധമായ സമ്മർദ്ദം മൂലം മരണപ്പെട്ടതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള ഔദ്യോഗിക അന്വേഷണം പോലീസ് ഉൾപ്പെടെയുള്ള ഏജൻസികൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മരണപ്പെട്ട അന്ന സെബാസ്റ്റ്യൻ കൊച്ചി കങ്ങരപ്പടി സ്വദേശിനിയാണ്. ജോലി ചെയ്തിരുന്നതും മരണപ്പെട്ടതും മഹാരാഷ്ട്രയിലെ പൂനെയിൽ ആയതിനാൽ മരണവുമായി ബന്ധപ്പെട്ട് ഔദ്യോഗിക അന്വേഷണം നടത്തുന്നത് പൂനെ പോലീസ് ആണ്. മരണവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | പ്രസ്തുത സ്ഥാപനം പോലെ എറണാകുളം കാക്കനാട് ഇൻഫോ പാർക്ക്, തിരുവനന്തപുരം ടെക്നോ പാർക്ക് ഉൾപ്പെടെയുള്ള വിവിധ ഐ.ടി. ഹബ്ബുകളിലെ സ്വദേശ/ബഹുരാഷ്ട്ര കമ്പനികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം സംബന്ധിച്ച് എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (ബി) | സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളും പാർക്കുകളും തമ്മിൽ ഭൂമിയുടെയും ബിൽറ്റ്പ്പ് സ്പെയിസുമായി ബന്ധപ്പെട്ട പാട്ടക്കരാർ അനുസരിച്ചുള്ള ബന്ധമാണ് പ്രാഥമികമായും നിലവിൽ ഉള്ളത്.<br><br>പാട്ടക്കരാർ വ്യവസ്ഥയിൽ ഈ മേഖലയിൽ സംസ്ഥാനത്തു നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങൾ പാലിച്ചിരിക്കണമെന്ന നിബന്ധന വച്ചിട്ടുള്ളതുമാണ്.<br><br>1960 ലെ Kerala Shops and Commercial Establishment നിയമമനുസരിച്ച് ഓരോ തൊഴിലാളിയുടെയും ഒരു ദിവസത്തെ ജോലി സമയം വിശ്രമം ഉൾപ്പെടെ 9 മണിക്കൂർ ആണ്. ആയത് 'spread over' ഉൾപ്പെടെ പത്തര മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. 4 മണിക്കൂർ ഇടവേളകളിലും ഒരു മണിക്കൂർ വിശ്രമം തൊഴിലുടമ തൊഴിലാളികൾക്ക് അനുവദിക്കേണ്ടതാണ്. കൂടാതെ ഒരു വർഷം 12 കാഷ്വൽ ലീവ്, 12 വാർഷിക ലീവ്, 12 സിക്ക് ലീവ് എന്നിവ മേൽ നിയമം ഉറപ്പുവരുത്തുന്നു. രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി രാത്രി 9 മണിക്കും രാവിലെ 6 മണിക്കുമിടയിൽ സ്ത്രീതൊഴിലാളികളെ ജോലിക്ക് 5 പേരടങ്ങുന്ന ഗ്രൂപ്പായി മാത്രമേ നിയോഗിക്കാവൂയെന്നും |

| | | | |
|---|---|---|---|
| | | | അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 2 പേർ സ്ത്രീ ജീവനക്കാരായിരിക്കണമെന്നും 1960 ലെ Kerala Shops and Commercial Establishment നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് താമസസ്ഥലം മുതൽ ജോലി സ്ഥലം വരെയും തിരിച്ചും വാഹനസൗകര്യം തൊഴിലുടമ നൽകണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. |
| (സി) | ഇത് സംബന്ധിച്ച പരാതികൾ തീർപ്പാക്കാനും തീരുമാനമെടുക്കാനും ജില്ലാ ലേബർ ഓഫീസർക്ക് അധികാരമുണ്ടോയെന്നും കഴിഞ്ഞ രണ്ട് വർഷങ്ങളായി ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർ മേല്പറഞ്ഞ ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (സി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി കമ്പനികളുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 മുതൽ ജില്ലാ ലേബർ ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇതിന്റെ രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഐ.ടി. കമ്പനികളുടെ വർക്ക് ഷിഫ്റ്റുകൾക്ക് 'എട്ട് മണിക്കൂർ ജോലി' എന്ന നിയമം ബാധകമാണോയെന്നും വർക്ക് ഫ്രം ഹോം എന്ന രീതിയിൽ ജോലി ചെയ്യുന്നവർക്ക് തൊഴിൽ സമയം ബാധകമാണോ എന്നും ഇത്തരത്തിലുള്ള ഐ.ടി. കമ്പനികളിൽ നിന്നും സർക്കാരിന് നികുതി വരുമാനം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | തൊഴിലാളികൾക്ക് 'എട്ട് മണിക്കൂർ ജോലി' എന്നുള്ളത് തൊഴിൽ നിയമങ്ങളിൽ അനുശാസിക്കുന്നതാണ്. എന്നാൽ, ഐ.ടി മേഖലയിലെ ജോലിയുടെ പൊതു സ്വഭാവമനുസരിച്ച് കൃത്യമായി എട്ട് മണിക്കൂർ പാലിച്ചു പോവുക എന്നത് പ്രായോഗികമല്ല. കോവിഡിന് ശേഷം കൂടുതൽ കമ്പനികൾ 'വർക്ക് ഫ്രം ഹോം' സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ ഇത് സംബന്ധിച്ച് വ്യക്തമായ സമയക്രമം പരാമർശിച്ചിട്ടില്ല.<br><br>ഐ.ടി കമ്പനികളുടെ സപ്ലൈകൾക്ക് സംസ്ഥാന ചരക്ക് സേവന നികുതി ബാധകമാണ്. ഐ.ടി കമ്പനികൾ സംസ്ഥാന ചരക്കു സേവനനികുതി നിയമം അനുശാസിക്കുന്ന രജിസ്ട്രേഷൻ എടുത്ത് നികുതി ബാധ്യത കണക്കാക്കി റിട്ടേണുകൾ ഫയൽ ചെയ്യേണമെന്ന നിഷ്കർഷയുണ്ട്. ഐ.ടി കമ്പനികളിൽ നിന്നും സർക്കാരിന് നേരിട്ടും പരോക്ഷമായും നികുതി വരുമാനം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ